**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **02-02-2024 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവകലാശാലയുമായി സഹകരിച്ച് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റി തേഞ്ഞിപ്പാലം ക്യാമ്പസിൽ ഒരു സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ബിൽഡിംഗ് നിർമ്മിക്കുന്നതിനായി യൂണിവേഴ്സിറ്റി അധികൃതർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചർച്ചകൾ പുരോഗമിക്കുകയാണ്. |
| (ബി) | ഇതിന്റെ ഭാഗമായി കായിക വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നതിന് സംവിധാനം ഒരുക്കുന്നുണ്ടോയെന്നും മറ്റെന്ത് ലക്ഷ്യങ്ങളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം അറിയിക്കുമോ? | (ബി) | കാലിക്കറ്റ് സർവ്വകലാശാലയിൽ കായിക വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരികയാണ്. കാലിക്കറ്റ് സർവ്വകലാശാലയിൽ ഭാവി വാഗ്ദാനങ്ങൾ ആയേക്കാവുന്ന അത്‌ലറ്റുകൾക്ക് വിദഗ്ധരായ പരിശീലകരെയും വിഷയ വിദഗ്ധരെയും ഉൾപ്പെടുത്തി ആധുനിക പരിശീലന സംവിധാനം സ്ഥാപിക്കുന്നതിനും വിവിധ അക്കാദമിക പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും വേണ്ടി Centre for Sports Excellence & Research (CSER) സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ